പതിനാറാം കേരള നിയമസഭ

ബിൽ നമ്പർ 2

# 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2026-ലെ കേരള ധനവിനിയോഗ (൩-ാം നമ്പർ) ബിൽ

889/2026 (i).

പതിനാറാം കേരള നിയമസഭ

ബിൽ നമ്പർ 2

# 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

2026 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന
സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി
കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും
ചില തുകകൾ പിൻവലിക്കുന്നതിന്
വ്യവസ്ഥ ചെയ്യുന്നതിനുള്ള
ഒരു
**ബിൽ**

പീഠിക.—2026-27 സാമ്പത്തികവർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ 2026-27 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ പിൻവലിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടി പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ 2026-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ് (2026-ലെ 9)പാസ്സാക്കിയിട്ടുള്ളതിനാലും;

പുതുതായി തിരഞ്ഞെടുക്കപ്പെട്ട സർക്കാർ, 2026 ജൂൺ 19-ാം തീയതി, പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ പുതുക്കിയ ബജറ്റ് അവതരിപ്പിക്കുകയും, 2026-27 സാമ്പത്തികവർഷത്തെ പുതുക്കിയ ധനാഭ്യർത്ഥനയ്ക്കനുസൃതമായി, 2026 ഏപ്രിൽ ഒന്നാം തീയതി ആരംഭിച്ചിട്ടുള്ള സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ പിൻവലിക്കുന്നതിന് ഒരു നിയമം കൊണ്ടുവരേണ്ടത് ആവശ്യമായിരിക്കുകയും ചെയ്യുന്നതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2026 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 370293,08,82,000 രൂപ പിൻവലിക്കൽ.—2026 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിൽ, പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് വന്നുചേരുന്ന

വിവിധ ചെലവുകൾ നേരിടുന്നതിന്, പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള തിൽ കവിയാത്തതും, ആകെ മൂന്ന് ലക്ഷത്തി എഴുപതിനായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി മുന്ന് കോടി എട്ട് ലക്ഷത്തി എൺപത്തിരണ്ടായിരം രൂപ വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ പ്രസ്തുത വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2026-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ് (2026-ലെ 9) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ആക്റ്റ് പ്രകാരം സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്ത തുകകളെല്ലാം ഈ ആക്റ്റിൻ കീഴിൽ നൽകിയതായും വിനിയോഗിച്ചതായും കരുതപ്പെടേണ്ടതാണ്.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | *കവിയാൻ പാടില്ലാത്ത തുകകൾ* | | |
| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന നമ്പർ* | *സർവ്വീസുകളും ആവശ്യങ്ങളും* | | *നിയമസഭ വോട്ട് ചെയ്തത്* (₹) | *സഞ്ചിതനിധിയിന്മേൽ ചാർജ്ജ് ചെയ്തത്* (₹) | *ആകെ* (₹) |
| 1 | I | സംസ്ഥാന നിയമസഭ | റവന്യൂ | 184,34,53,000 | *87,34,000* | 185,21,87,000 |
| 2 | II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | റവന്യൂ | 839,17,61,000 | *303,15,54,000* | 1142,33,15,000 |
| 3 | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 1484,82,42,000 | *263,53,19,000* | 1748,35,61,000 |
| 4 | IV | തെരഞ്ഞെടുപ്പുകൾ | റവന്യൂ | 402,54,11,000 | .. | 402,54,11,000 |
| 5 | V | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | റവന്യൂ | 567,89,01,000 | *10,00,000* | 567,99,01,000 |
| 6 | VI | ഭൂനികുതി | റവന്യൂ | 1178,75,27,000 | *1,28,000* | 1178,76,55,000 |
| 7 | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | റവന്യൂ | 360,24,12,000 | .. | 360,24,12,000 |
| 8 | VIII | എക്സൈസ് | റവന്യൂ | 566,89,17,000 | *6,30,000* | 566,95,47,000 |
| 9 | IX | വാഹന നികുതികൾ | റവന്യൂ | 308,80,28,000 | .. | 308,80,28,000 |
| 10 | | കടബാദ്ധ്യതകൾ | റവന്യൂ | .. | *34626,01,96,000* | 34626,01,96,000 |
| 11 | X | ട്രഷറികളും അക്കൗണ്ടുകളും | റവന്യൂ | 525,64,10,000 | .. | 525,64,10,000 |
| 12 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 1131,37,71,000 | *1,59,71,000* | 1132,97,42,000 |
| 13 | XII | പോലീസ് | റവന്യൂ | 6018,30,89,000 | *9,65,72,000* | 6027,96,61,000 |
| | | | മൂലധനം | 54,85,00,000 | .. | 54,85,00,000 |
| 14 | XIII | ജയിലുകൾ | റവന്യൂ | 277,81,59,000 | .. | 277,81,59,000 |
| 15 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 850,16,44,000 | *5,26,000* | 850,21,70,000 |
| | | | മൂലധനം | 6,94,35,000 | .. | 6,94,35,000 |
| 16 | XV | പൊതുമരാമത്ത് | റവന്യൂ | 2367,65,73,000 | *2,99,12,000* | 2370,64,85,000 |
| | | | മൂലധനം | 3781,63,93,000 | *66,40,01,000* | 3848,03,94,000 |
| 17 | XVI | പെൻഷനും പലവകയും | റവന്യൂ | 51420,27,05,000 | *9,90,72,000* | 51430,17,77,000 |
| 18 | XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | റവന്യൂ | 29988,90,35,000 | *31,51,000* | 29989,21,86,000 |
| | | | മൂലധനം | 767,20,02,000 | .. | 767,20,02,000 |
| 19 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ | 11088,27,35,000 | *4,63,000* | 11088,31,98,000 |
| | | | മൂലധനം | 484,93,04,000 | *2,000* | 484,93,06,000 |
| 20 | XIX | കുടുംബക്ഷേമം | റവന്യൂ | 508,45,64,000 | *1,000* | 508,45,65,000 |

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധി യിന്മേൽ ചാർജ്ജ് ചെയ്തത് (₹) | ആകെ (₹) |
| 21 | XX | ശുദ്ധജല വിതരണവും | റവന്യൂ | 420,70,51,000 | .. | 420,70,51,000 |
| | | ശുചീകരണവും | മൂലധനം | 860,54,00,000 | .. | 860,54,00,000 |
| 22 | XXI | ഭവനനിർമ്മാണം | റവന്യൂ | 85,59,40,000 | *15,00,000* | 85,74,40,000 |
| | | | മൂലധനം | 55,80,01,000 | .. | 55,80,01,000 |
| 23 | XXII | നഗരവികസനം | റവന്യൂ | 1426,46,44,000 | *1,000* | 1426,46,45,000 |
| | | | മൂലധനം | 182,00,01,000 | .. | 182,00,01,000 |
| 24 | XXIII | വാർത്താവിതരണവും | റവന്യൂ | 122,00,03,000 | .. | 122,00,03,000 |
| | | പ്രചരണവും | മൂലധനം | 2,40,00,000 | .. | 2,40,00,000 |
| 25 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും | റവന്യൂ | 1282,44,32,000 | .. | 1282,44,32,000 |
| | | പ്രവാസി ക്ഷേമവും | മൂലധനം | 196,35,02,000 | .. | 196,35,02,000 |
| 26 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു | റവന്യൂ | 2327,78,66,000 | *1,000* | 2327,78,67,000 |
| | | പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ | മൂലധനം | 1046,40,01,000 | *1,000* | 1046,40,02,000 |
| | | എന്നിവരുടെ ക്ഷേമം | | | | |
| 27 | XXVI | പ്രകൃതിക്ഷോഭം മൂലമുള്ള | റവന്യൂ | 2590,82,20,000 | .. | 2590,82,20,000 |
| | | ദുരിതാശ്വാസത്തിന് | | | | |
| 28 | XXVII | സഹകരണം | റവന്യൂ | 587,37,89,000 | .. | 587,37,89,000 |
| | | | മൂലധനം | 79,27,00,000 | .. | 79,27,00,000 |
| 29 | XXVIII | പലവക സാമ്പത്തിക | റവന്യൂ | 313,55,24,000 | .. | 313,55,24,000 |
| | | സർവ്വീസുകൾ | മൂലധനം | 5756,26,56,000 | .. | 5756,26,56,000 |
| 30 | XXIX | കൃഷി | റവന്യൂ | 2975,69,11,000 | *5,00,000* | 2975,74,11,000 |
| | | | മൂലധനം | 481,40,02,000 | .. | 481,40,02,000 |
| 31 | XXX | ഭക്ഷ്യം | റവന്യൂ | 2280,64,16,000 | *1,000* | 2280,64,17,000 |
| | | | മൂലധനം | 32,84,51,000 | .. | 32,84,51,000 |
| 32 | XXXI | മൃഗസംരക്ഷണം | റവന്യൂ | 1202,22,07,000 | .. | 1202,22,07,000 |
| | | | മൂലധനം | 19,55,00,000 | .. | 19,55,00,000 |
| 33 | XXXII | ക്ഷീരവികസനം | റവന്യൂ | 198,02,67,000 | .. | 198,02,67,000 |
| | | | മൂലധനം | 27,71,00,000 | .. | 27,71,00,000 |
| 34 | XXXIII | മത്സ്യബന്ധനം | റവന്യൂ | 445,10,01,000 | .. | 445,10,01,000 |
| | | | മൂലധനം | 250,05,01,000 | .. | 250,05,01,000 |
| 35 | XXXIV | വനം | റവന്യൂ | 1069,61,71,000 | *3,17,000* | 1069,64,88,000 |
| | | | മൂലധനം | 83,80,02,000 | .. | 83,80,02,000 |
| 36 | XXXV | പഞ്ചായത്ത് | റവന്യൂ | 825,67,71,000 | .. | 825,67,71,000 |
| | | | മൂലധനം | 610,84,02,000 | .. | 610,84,02,000 |
| 37 | XXXVI | ഗ്രാമ വികസനം | റവന്യൂ | 6174,49,19,000 | *1,000* | 6174,49,20,000 |
| | | | മൂലധനം | 1973,36,00,000 | .. | 1973,36,00,000 |
| 38 | XXXVII | വ്യവസായങ്ങൾ | റവന്യൂ | 918,19,65,000 | .. | 918,19,65,000 |
| | | | മൂലധനം | 1225,64,04,000 | *1,000* | 1225,64,05,000 |

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | *കവിയാൻ പാടില്ലാത്ത തുകകൾ* | | |
| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന നമ്പർ* | *സർവ്വീസുകളും ആവശ്യങ്ങളും* | | *നിയമസഭ വോട്ട് ചെയ്തത്* *(₹)* | *സഞ്ചിതനിധിയിന്മേൽ ചാർജ്ജ് ചെയ്തത്* *(₹)* | *ആകെ* *(₹)* |
| 39 | XXXVIII | ജലസേചനം | റവന്യൂ | 572,72,29,000 | *2,30,000* | 572,74,59,000 |
| | | | മൂലധനം | 381,04,02,000 | *55,00,000* | 381,59,02,000 |
| 40 | XXXIX | വൈദ്യുത പദ്ധതികൾ | റവന്യൂ | 63,36,88,000 | .. | 63,36,88,000 |
| | | | മൂലധനം | 283,24,00,000 | *1,000* | 283,24,01,000 |
| 41 | XL | തുറമുഖങ്ങൾ | റവന്യൂ | 94,77,40,000 | .. | 94,77,40,000 |
| | | | മൂലധനം | 570,47,00,000 | .. | 570,47,00,000 |
| 42 | XLI | ഗതാഗതം | റവന്യൂ | 719,55,00,000 | *134,59,51,000* | 854,14,51,000 |
| | | | മൂലധനം | 1725,09,89,000 | .. | 1725,09,89,000 |
| 43 | XLII | വിനോദസഞ്ചാരം | റവന്യൂ | 236,77,94,000 | .. | 236,77,94,000 |
| | | | മൂലധനം | 187,77,00,000 | .. | 187,77,00,000 |
| 44 | XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | റവന്യൂ | 16367,90,16,000 | .. | 16367,90,16,000 |
| 45 | | പൊതുകടം തിരിച്ചടയ്ക്കൽ | മൂലധനം | .. | *139964,10,80,000* | 139964,10,80,000 |
| 46 | XLV | പലവക വായ്പകളും മുൻകൂറുകളും | മൂലധനം | 1171,64,95,000 | .. | 1171,64,95,000 |
| 47 | XLVI | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | റവന്യൂ | 19038,12,89,000 | *1,000* | 19038,12,90,000 |
| | | | മൂലധനം | 199,83,31,000 | .. | 199,83,31,000 |
| | | | **ആകെ** | **194908,85,64,000** | ***175384,23,18,000*** | **370293,08,82,000** |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2026–2027 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ 2026–27 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾ പിൻവലിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടി പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ 2026–ലെ കേരള ധനവിനിയോഗ (2–ാം നമ്പർ) ആക്റ്റ് (2026–ലെ 9) പാസ്സാക്കിയിട്ടുള്ളതാണ്.

പിന്നീട്, പുതുതായി തിരഞ്ഞെടുക്കപ്പെട്ട സർക്കാർ, 2026 ജൂൺ 19–ാം തീയതി, പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ പുതുക്കിയ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളതും, 2026–27 സാമ്പത്തിക വർഷത്തെ പുതുക്കിയ ധനാഭ്യർത്ഥനയ്ക്കനുസൃതമായി ഒരു നിയമം കൊണ്ടുവരേണ്ടത് ആവശ്യമായി വന്നിട്ടുള്ളതുമാണ്.

അതിനാൽ, 2026–27 സാമ്പത്തിക വർഷത്തേയ്ക്ക് വേണ്ടിയുള്ള കേരള സർക്കാരിന്റെ മതിപ്പ് ചെലവ് സംബന്ധിച്ച് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ്ജ് ചെയ്തിട്ടുള്ള ചെലവുകൾ നേരിടുന്നതിനും നിയമസഭ മുൻകൂറായി അനുവദിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് ആവശ്യമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും വിനിയോഗിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടി ഭാരതത്തിന്റെ ഭരണഘടനയുടെ 204–ാം അനുച്ഛേദം (1)–ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

വി. ഡി. സതീശൻ.